(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പ്രൊട്ടക്ഷന് അർഹരായ അദ്ധ്യാപകരാരും തന്നെ ശമ്പളമില്ലാതെ പുറത്ത് നിൽക്കുന്നില്ല.

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം

394 [1991] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മേയ് മാസം വരെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തി;വിശദാംശം അറിയിക്കുമോ;

(സി) നിയമനം നൽകിയവർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ശമ്പളം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പൊതു വിദ്യാഭ്യാസ വകുപ്പിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

395 [1992] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തസ്തികകളിലേക്ക് രണ്ട് മാസത്തിലൊരിക്കലെങ്കിലും പ്രോമോഷൻ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) 2001 മുതൽ 2005 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. 2001-2005 കാലയളവിലെ എൽ.ഡി. ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## എയിഡഡ് എൽ. പി. സ്കൂൾ അസിസ്റ്റന്റുമാരുടെ നിയമനാംഗീകാരം

396 [1993] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2006-07, 2007-08 വർഷങ്ങളിൽ നിയമിതരായ എൽ.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ നിയമനത്തിന് അംഗീകാരം നൽകാതിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹയർലെവൽ വെരിഫിക്കേഷൻ നടത്തുകയും മറ്റെല്ലാ യോഗ്യതകളും ഉള്ളതുമായ നിയമനാഭ്യർത്ഥനകൾക്ക് സ്റ്റാഫ് ഫിക്സേഷൻ പുനർനിർണ്ണയം നടത്തി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ എത്ര അദ്ധ്യാപകർ ഓരോ ജില്ലയിലും ജോലി നോക്കുന്നുണ്ട്;

(ഡി) ഇവർക്ക് എന്നത്തേയ്ക്ക് നിയമനാംഗീകാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 17-8-2005-ലെ ജി.ഒ. (പി) നം. 317/05/പൊ.വി.വ. ഉത്തരവ് പ്രകാരം 2006-2007 അദ്ധ്യയന വർഷം മുതൽ അധിക ഡിവിഷൻ വേക്കൻസിയിൽ നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിശോധിച്ചു വരികയാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അധിക ഡിവിഷൻ വേക്കൻസിയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനാംഗീകാരം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരികയാണ്.

## എച്ച്. എസ്. എ. നിയമനയോഗ്യത സംബന്ധിച്ച ഉത്തരവ്

397 [1994] ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ അസിസ്റ്റന്റായിട്ടുള്ള നിയമനത്തിന് അതത് വിഷയത്തിലുള്ള ബി.എഡ്. ഡിഗ്രി നിഷ്കർഷിച്ചുകൊണ്ടുള്ള 19-7-2005-ലെ സർക്കാർ ഉത്തരവ് നം.(പി) 220/05-ന് എന്തെങ്കിലും വിശദീകരണക്കുറിപ്പ് ഇറങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly